prepp

Practice, Learn and Achieve Your Goal with Prepp

# UGC NET Exam

Malayalam

Simplifying
**Government Exams**

SSC CHSL | IAS EXAM | RRB NTPC | NTSE | CDS
SSC CGL | CBSE UGC NET | IBPS PO | NDA
SBI PO | IBPS CLERK | AFCAT | SSC JE | CTET
CSIR UGC NET | CAPF | IBPS RRB

www.prepp.in

# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) __________________________
   (Name) ____________________________
2. (Signature) __________________________
   (Name) ____________________________

**D 2 2 1 0**

OMR Sheet No. : ............................................
(To be filled by the Candidate)

Roll No. | | | | | | | | |
(In figures as per admission card)

Roll No.________________________________
(In words)

Time : 1 $^{1}/_{4}$ hours] [Maximum Marks : **100**

Number of Pages in this Booklet : **12** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **Answer Sheet given inside the Paper I Booklet only.** If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet and OMR Answer sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   उदाहरण : (A) (B) ● (D)
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर केवल प्रश्न पत्र I के अन्दर दिये गये उत्तर-पत्रक पर ही अंकित करने हैं । यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं OMR उत्तर-पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें ।
10. केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।
11. किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।
12. गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

# മലയാളം
# MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (1) | കണ്ടൽക്കാടുകളിലെ ജീവിതം | (a) | സുഭാഷ്ചന്ദ്രൻ |
| (2) | മധ്യേയിങ്ങനെ | (b) | പൊക്കുടൻ |
| (3) | യാത്ര | (c) | മാധവിക്കുട്ടി |
| (4) | നീർമാതളം പൂത്തകാലം | (d) | എസ്. കെ. പൊറ്റെക്കാട് |
| | | (e) | നിത്യചൈതന്യയതി |

(A) 1 b, 2 a, 3 e, 4 d　　(B) 1 c, 2 e, 3 d, 4 c
(C) 1 b, 2 a, 3 e, 4 c　　(D) 1 e, 2 a, 3 c, 4 d

**2.** സക്കറിയയുടെ സഞ്ചാരസാഹിത്യകൃതി

(A) കന്യാകുമാരി　　(B) സലാം അമേരിക്ക
(C) നബിയുടെ നാട്ടിൽ　　(D) അടരുന്ന കക്കകൾ

**3.** രാജ്യസമാചാരത്തിലെ 'രാജ്യം'

(A) മലയാളരാജ്യം　　(B) ദൈവരാജ്യം
(C) ഭാരതരാജ്യം　　(D) ജർമ്മനി

**4.** 'കേരള സാഹിത്യ ചരിത്ര'ത്തിന്റെ ആദ്യപ്രസാധകർ

(A) മദിരാശി സർവകലാശാല　　(B) കേരള സർവകലാശാല
(C) കമലാലയ ബുക്കുഡിപ്പോ　　(D) കേരള സാഹിത്യ പരിഷത്ത്

**5.** ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | Bh. Krishnamoorthy | (a) | Studies in Malayalam Grammar |
| (2) | V.I. Subramaniam | (b) | The Dravidian Languages |
| (3) | Emeneau and Burrow | (c) | Dialect Survey of Malayalam |
| (4) | K.M. Prabhakara Varriar | (d) | Dravidian Etymological Dictionary |
| | | (e) | The Evolution of Malayalam Morphology |

(A) 1 b, 2 a, 3 d, 4 c　　(B) 1 b, 2 c, 3 d, 4 a
(C) 1 a, 2 d, 3 b, 4 c　　(D) 1 c, 2 b, 3 a, 4 d



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click　Know More

6. ക്ലാസ്സിക്കൽ പദവിയുള്ള ദ്രാവിഡഭാഷ

(A) തമിഴ് മാത്രം

(B) കന്നഡയും തെലുങ്കും മലയാളവും

(C) തമിഴും കന്നഡയും തെലുങ്കും

(D) തമിഴും മലയാളവും

7. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | സേതു | (a) | കാക്കനാടൻ |
| (2) | ശിവൻ | (b) | തകഴി |
| (3) | കേശവപിള്ള | (c) | എസ്. കെ. പൊറ്റെക്കാട്ട് |
| (4) | മായൻ | (d) | എം. ടി. വാസുദേവൻ നായർ |
| | | (e) | ഉറൂബ് |

(A) 1 d, 2 a, 3 b, 4 e

(B) 1 a, 2 c, 3 e, 4 b

(C) 1 e, 2 b, 3 d, 4 a

(D) 1 a, 2 d, 3 c, 4 e

8. ഇന്ദുലേഖയിലെ പതിനെട്ടാമധ്യായത്തെ സാഹിതീയമായി ന്യായീകരിച്ച നിരൂപകൻ

(A) ആഷാമേനോൻ

(B) വി.സി. ശ്രീജൻ

(C) കെ.പി. അപ്പൻ

(D) പി.കെ. രാജശേഖരൻ

9. ഏതാനും നാടക വിവർത്തനങ്ങളെയും വിവർത്തകരെയും താഴെ കൊടുക്കുന്നു. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | ഗോസ്റ്റ്സ് | (a) | കടമ്മനിട്ട രാമകൃഷ്ണൻ |
| (2) | ജൂലിയസ് സീസർ | (b) | കേസരിയും എ.കെ. ഗോപാലപിള്ളയും |
| (3) | മുദ്രാംഗുലീയം | (c) | എം.കെ. നാരായണപിള്ള |
| (4) | വെയിറ്റിംഗ് ഫോർ ഗോദോ | (d) | എൻ. ശിവശങ്കരപ്പിള്ള |
| | | (e) | നാലപ്പാട്ട് നാരായണമേനോൻ |

(A) 1 e, 2 a, 3 b, 4 c

(B) 1 b, 2 c, 3 d, 4 a

(C) 1 a, 2 d, 3 b, 4 e

(D) 1 b, 2 e, 3 d, 4 a

10. ശാകുന്തളവും രമണനും മിഡ്സമ്മർ നൈറ്റ്സ് ഡ്രീമും പാഠാന്തരബന്ധത്തിൽ വരുന്ന പുതിയ മലയാള നാടകം

(A) കാവാലത്തിന്റെ 'ഒരു മധ്യവേനൽ പ്രണയക്കിനാവ്'

(B) പി. ബാലചന്ദ്രന്റെ 'ഒരു മധ്യവേനൽപ്രണയരാവ്'

(C) കാവാലത്തിന്റെ 'ഒരു മധ്യവേനൽ പ്രണയരാവ്'

(D) പി. ബാലചന്ദ്രന്റെ 'ഒരു മധ്യവേനൽപ്രണയക്കിനാവ്'

11. താഴെ പറയുന്നവയിൽ ഏതാണ് ശരിയായ കാലക്രമം ?

(A) രമണി, ദൂത്, കന്യാകുമാരി, പ്രണയചന്ദ്രിക

(B) പ്രണയചന്ദ്രിക, ദൂത്, രമണി, കന്യാകുമാരി

(C) ദൂത്, രമണി, കന്യാകുമാരി, പ്രണയചന്ദ്രിക

(D) രമണി, കന്യാകുമാരി, പ്രണയചന്ദ്രിക, ദൂത്



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

12. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | മരപ്പാവകൾ | (a) | എം.പി. നാരായണപിള്ള |
| (2) | മുരുകൻ എന്ന പാമ്പാട്ടി | (b) | ജോൺ എബ്രഹാം |
| (3) | കോട്ടയത്ത് എത്ര മത്തായിയുണ്ട് | (c) | തോമസ് ജോസഫ് |
| (4) | ചിത്രശലഭങ്ങളുടെ കപ്പൽ | (d) | കാരൂർ |
| | | (e) | സാറാ ജോസഫ് |

(A) 1 e, 2 d, 3 c, 4 a (B) 1 d, 2 c, 3 b, 4 a
(C) 1 c, 2 d, 3 e, 4 a (D) 1 d, 2 a, 3 b, 4 c

13. കാലക്രമമനുസരിച്ച് ശരിയേത് ?
(A) ജന്മദിനം, വനദുർഗ, എന്റെ ഗന്ധർവ സ്നേഹിതൻ, നിന്റെ ഓർമ്മയ്ക്ക്
(B) വനദുർഗ, ജന്മദിനം, എന്റെ ഗന്ധർവ സ്നേഹിതൻ, നിന്റെ ഓർമ്മയ്ക്ക്
(C) ജന്മദിനം, വനദുർഗ, നിന്റെ ഓർമ്മയ്ക്ക്, എന്റെ ഗന്ധർവ സ്നേഹിതൻ
(D) എന്റെ ഗന്ധർവ സ്നേഹിതൻ, ജന്മദിനം, നിന്റെ ഓർമ്മയ്ക്ക്, വനദുർഗ

14. 'കാവ്യപീഠിക' യുടെ വിഷയമേഖല
(A) കവിത്രയ പഠനം (B) താരതമ്യ സാഹിത്യ സിദ്ധാന്ത ചർച്ച
(C) ഭാരതീയ കാവ്യശാസ്ത്ര ചർച്ച (D) രാജരാജവർമ പ്രസ്ഥാന പഠനം

15. നിരൂപണ രീതി അനുസരിച്ച് ശരിയായ നിരൂപണ ഗണം ഏത് ?
(A) ജി. മധുസൂദനൻ, കെ.പി. ശങ്കരൻ, എം.എൻ. വിജയൻ, വി.സി. ശ്രീജൻ
(B) എം.എൻ. വിജയൻ, എം. ലീലാവതി, നിത്യചൈതന്യയതി, വി.ടി. ഗോപാലകൃഷ്ണൻ
(C) എസ്. ഗുപ്തൻ നായർ, കെ.പി. അപ്പൻ, വി.സി. ശ്രീജൻ, കെ.പി. ശങ്കരൻ
(D) എസ്. ഗുപ്തൻ നായർ, ഇ.എം.എസ്, പി. ഗോവിന്ദപ്പിള്ള, തായാട്ട് ശങ്കരൻ

16. മയൂരസന്ദേശം ആദ്യം പ്രസിദ്ധീകരിച്ചത്
(A) ഭാഷാപോഷിണി (B) കവനകൗമുദി
(C) രസികരഞ്ജിനി (D) വിദ്യാവിനോദിനി

17. Western Influence on Malayalam Language and Literature എന്ന പ്രബന്ധത്തിന്റെ കർത്താവ്
(A) ഡോ. കെ. അയ്യപ്പപ്പണിക്കർ (B) ഡോ. സുകുമാർ അഴീക്കോട്
(C) ഡോ. കെ.എം. ജോർജ്ജ് (D) ഡോ. ഗോദവർമ്മ

18. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | കവിഭാരതം | (a) | കൊട്ടാരത്തിൽ ശങ്കുണ്ണി |
| (2) | കവിരാമായണം | (b) | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| (3) | നാലുഭാഷാകാവ്യങ്ങൾ | (c) | കാത്തുള്ളിൽ അച്യുതമേനോൻ |
| (4) | കവിപുഷ്പമാല | (d) | മൂലൂർ |
| | | (e) | കണ്ടൂർ |

(A) 1 e, 2 d, 3 e, 4 a (B) 1 d, 2 b, 3 e, 4 a
(C) 1 b, 2 e, 3 d, 4 c (D) 1 b, 2 d, 3 e, 4 c



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

19. **കാര്യം** : മാപ്പിളപ്പാട്ടിൽ വലിയൊരു ഭാഗം നാടോടിപ്പാട്ടല്ല.
**കാരണം** : അവയിൽ പലതും ലിഖിതപാഠത്തിൽ നിന്നു തുടങ്ങുന്നു.

(A) കാര്യം ശരി, കാരണം ഭാഗികമായി ശരി.
(B) കാര്യവും കാരണവും ശരി.
(C) കാര്യം ശരിയല്ലെങ്കിലും കാരണം ശരി.
(D) കാര്യം തെറ്റ്, കാരണവും തെറ്റ്.

20. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | ദാഹിക്കുന്ന പാനപാത്രം | (a) | സി.ജെ. തോമസ് |
| (2) | സ്വരരാഗസുധ | (b) | ചിത്രമെഴുത്ത് കെ.എം. വർഗീസ് |
| (3) | മഗ്ദലനമറിയം | (c) | മുണ്ടശ്ശേരി |
| (4) | നീണ്ട കവിതകൾ | (d) | എസ്. കെ. നായർ |
| | | (e) | ഉള്ളൂർ |

(A) 1 e, 2 c, 3 d, 4 a
(B) 1 d, 2 c, 3 e, 4 b
(C) 1 c, 2 d, 3 b, 4 a
(D) 1 d, 2 a, 3 e, 4 c

21. ചേർച്ചയുള്ള ഗണമേത് ?

(A) വിഭീഷണൻ, ജലസേചനം, ഹനൂമൽ സേവ തുഞ്ചൻ പറമ്പിൽ
(B) ഭസ്മാസുരൻ, കാളിയമർദ്ദനം, കൊച്ചു സീത
(C) എഴുത്തച്ഛനെഴുതുമ്പോൾ, കുടുംബപുരാണം, വജ്രകുണ്ഡലം
(D) ചിന്താവിഷ്ടയായ സീത, സീതായനം, കാട്ടാളൻ

22. **കാര്യം** : ശാസനഭാഷ സാധാരണക്കാരുടെ വാമൊഴി പാരമ്പര്യത്തോട് ചേർന്നു പോകുന്നില്ല.
**കാരണം** : അവ ശൈലീവൽകൃത ഭാഷയിൽ എഴുതപ്പെട്ടതാണ്.

(A) കാര്യം ശരി, കാരണം തെറ്റ്.
(B) കാര്യം ഭാഗികമായും കാരണം പൂർണ്ണമായും ശരി.
(C) കാര്യവും കാരണവും ശരി.
(D) കാര്യവും കാരണവും പൂർണ്ണമായും തെറ്റ്.

23. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | കുമാരസംഭവം | (a) | പ്രമീള കെ.പി. |
| (2) | സംഘകാല കവിത | (b) | രാഘവൻ തിരുമുല്പാട് |
| (3) | സ്ത്രീ എന്റെ ഉള്ളിൽ | (c) | മാധവൻ അയ്യപ്പത്ത് |
| (4) | തിരുക്കുറൾ | (d) | മലയത്ത് അപ്പുണ്ണി |
| | | (e) | സച്ചിദാനന്ദൻ |

(A) 1 d, 2 e, 3 a, 4 b
(B) 1 c, 2 d, 3 a, 4 b
(C) 1 b, 2 c, 3 e, 4 a
(D) 1 b, 2 c, 3 a, 4 e



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

24. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | ഭൂതക്കട്ട | (a) | എസ്. ജോസഫ് |
| (2) | ഇരുട്ടുപിഴിഞ്ഞ് | (b) | രവികുമാർ |
| (3) | നചികേതസ്സ് | (c) | മോഹനകൃഷ്ണൻ കാലടി |
| (4) | ഉപ്പന്റെ കൂവൽ വരയ്ക്കുന്നു | (d) | സെബാസ്റ്റ്യൻ |
| | | (e) | വീരാൻകുട്ടി |

(A) 1 e, 2 d, 3 a, 4 c
(B) 1 b, 2 a, 3 d, 4 e
(C) 1 b, 2 c, 3 d, 4 e
(D) 1 c, 2 d, 3 b, 4 a

25. **കാര്യം** : ദുരന്ത കാവ്യസങ്കല്പം വികസിപ്പിക്കുന്നുണ്ടെങ്കിലും നളചരിതം ഒരു ദുരന്തകാവ്യമല്ല.
**കാരണം** : ഇതിലെ നായകൻ ഭാരതീയ നായക സങ്കല്പത്തോട് പൂർണ്ണമായും പൊരുത്തപ്പെടുന്നു.

(A) കാര്യവും, കാരണവും ശരി.
(B) കാര്യവും, കാരണവും തെറ്റ്.
(C) കാര്യം ശരി, കാരണം തെറ്റ്.
(D) കാര്യം ശരി, കാരണം ഭാഗികമായി ശരി.

26. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | ഭാഷയ്ക്കു മുൻപാണോ വിക്കുണ്ടായത്, അതോ ഭാഷയ്ക്കു ശേഷമോ | (a) | അയ്യപ്പപ്പണിക്കർ |
| (2) | കുറേ നാളായുള്ളിലൊരുത്തി തൻ ജഡമളിഞ്ഞു നാറുന്നു. | (b) | മേതിൽ രാധാകൃഷ്ണൻ |
| (3) | ഋതുസ്ഥലികളിൽ നീല റിഥം തുള്ളുന്ന കൃഷ്ണയും | (c) | ആറ്റൂർ രവിവർമ്മ |
| (4) | തന്നയൽപക്കത്തരവയർ നിറയാപ്പെണ്ണിനു പെരുവയർ നല്കും മർത്ത്യനു സ്തുതി പാടുക നാം. | (d) | സച്ചിദാനന്ദൻ |
| | | (e) | മാധവൻ അയ്യപ്പത്ത് |

(A) 1 e, 2 b, 3 d, 4 a
(B) 1 d, 2 a, 3 c, 4 e
(C) 1 e, 2 c, 3 b, 4 a
(D) 1 a, 2 e, 3 d, 4 b

27. **കാര്യം** : ഭാഷാകൗടലീയം കേരളപഠനത്തിന് വിലപ്പെട്ട ഉപാദാനമാണ്.
**കാരണം** : കൗടലീയത്തിന്റെ കേരളീയ വ്യാഖ്യാനമാണ് ഭാഷാകൗടലീയം.

(A) കാര്യവും, കാരണവും ഭാഗികമായി മാത്രം ശരി.
(B) കാര്യം തെറ്റ്, കാരണം ശരി.
(C) കാര്യവും, കാരണവും ശരി.
(D) കാര്യം ശരി, കാരണം തെറ്റ്.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

28. മാപ്പിളപാട്ടുകൾ പഠിച്ച് ഇന്ത്യൻ ആന്റിക്വറിയിൽ പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ച വിദേശി

(A) ഹെർമ്മൻ ഗുണ്ടർട്ട്
(B) വില്യം ലോഗൻ
(C) പേഴ്സി മക്വീൻ
(D) എഫ്. ഫോസെറ്റ്

29. എഴുത്തച്ഛന്റെ ആദ്ധ്യാത്മ രാമായണത്തിന് അവലംബമായ കൃതി

(A) വാല്മീകി രാമായണം
(B) തുളസീദാസ രാമായണം
(C) കമ്പ രാമായണം
(D) ആദ്ധ്യാത്മ രാമായണം

30. 'സലജ്ജോഹം' കൊണ്ട് പ്രസിദ്ധമായ ആട്ടക്കഥ

(A) ബകവധം
(B) നിവാതകവച കാലകേയവധം
(C) കീചകവധം
(D) കല്യാണസൗഗന്ധികം

31. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (1) | വാഴപ്പള്ളി ശാസനം | (a) | കാന്തളൂർശാല |
| (2) | പാർത്ഥിവപുരം ചെപ്പേട് | (b) | പകൽവിളക്കും പാവാടയും |
| (3) | തരിസാപ്പള്ളി ശാസനം | (c) | അഞ്ചുവണ്ണവും മണിഗ്രാമവും |
| (4) | ജൂത ശാസനം | (d) | ദിനാർ |
| | | (e) | വൃശ്ചിക വിളക്ക് |

(A) 1 e, 2 a, 3 c, 4 b
(B) 1 b, 2 a, 3 c, 4 e
(C) 1 d, 2 a, 3 c, 4 b
(D) 1 d, 2 c, 3 a, 4 e

32. ഏതേതു ദ്വന്ദ്വങ്ങളാണ് കൃത്യമായി ചേരുന്നത് ?

| പട്ടിക 1 | | പട്ടിക 2 | |
|---|---|---|---|
| (a) | തൂവലുഴിയലും നാകൂറും | (1) | ഉണ്ണിയച്ചീചരിതം |
| (b) | കാശ്, പണം, തിരമം | (2) | കൃഷ്ണഗാഥ |
| (c) | കോമപ്പട്ട് | (3) | രാമായണം ചമ്പു |
| (d) | തപ്പാക്ക് | (4) | അനന്തപുരവർണ്ണനം |
| | | (5) | ഉണ്ണിയാടീചരിതം |

(A) a 5, b 1, c 4, d 2
(B) a 4, b 2, c 5, d 1
(C) a 4, b 4, c 2, d 3
(D) a 2, b 1, c 5, d 3

33. നമ്പ്യാന്തമിഴ് മണിപ്രവാളമല്ല. എന്തുകൊണ്ട് ?

1. വിഭക്ത്യന്തസംസ്കൃതപദങ്ങളില്ല
2. ആരിയച്ചിതൈവ് രൂപങ്ങളുണ്ട്
3. വിഭക്ത്യന്തസംസ്കൃതപദങ്ങളുടെ സുലഭത
4. പുരുഷഭേദ പ്രത്യയങ്ങൾ കാണുന്നു

(A) 1 മാത്രം ശരി
(B) 1 ഉം 2 ഉം ശരി
(C) 3 മാത്രം ശരി
(D) 3 ഉം 4 ഉം ശരി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

34. ലീലാതിലകത്തിലെ പാട്ടിന്റെ നിർവചനം ഇണങ്ങുന്ന രണ്ടു കൃതികൾ
(A) രാമചരിതവും കണ്ണശ്ശരാമായണവും
(B) രാമചരിതവും തിരുനിഴൽമാലയും
(C) രാമചരിതവും പയ്യന്നൂർ പാട്ടും
(D) രാമചരിതവും ഭാഷാ ഭഗവത്ഗീതയും

35. മുഴുമതിയെ ഒപ്പായി അവതരിപ്പിക്കുന്ന പ്രാചീന മണിപ്രവാളകാവ്യം
(A) വൈശിക തന്ത്രം (B) ഉണ്ണുനീലി സന്ദേശം
(C) ചന്ദ്രോത്സവം (D) ചെറിയച്ചി

36. കുഞ്ചൻ നമ്പ്യാരുടെ വരികളേത് ?
(A) ആലിംഗനത്തിങ്കലാശു മരിക്കുമെ-
ന്നാരാനുമുണ്ടോ നിരൂപിപ്പതീശ്വരാ
(B) ചാലേ കവടിയെടുക്കുന്ന വരതി-
നാലേ ഗണകരുമെന്നു വരാമോ
(C) കല്യാണീ കളവാണി ചൊല്ലുനീയാരെന്നതും
കല്യേ നീയാരുടെ പുത്രിയെന്നും
(D) കിണ കിണക്കിണ പറഞ്ഞ ദാരുക
അകലെ മിണ്ടാതെ കുറുകെ നില്ലെടോ

37. കോളിൻസിന്റെ നിഘണ്ടു
(A) മലയാളം – ഇംഗ്ലീഷ് നിഘണ്ടു
(B) മലയാളം – മലയാളം നിഘണ്ടു
(C) ഇംഗ്ലീഷ് – മലയാളം നിഘണ്ടു
(D) മലയാളം – സംസ്കൃതം നിഘണ്ടു

38. ഉദയംപേരൂർ സുനഹദോസിന്റെ കാനോനകൾ തയ്യാറാക്കിയത്
(A) റോസ് പാതിരി
(B) ചാക്കോ കത്തനാർ
(C) റോസ് പാതിരിയുടെ മേൽനോട്ടത്തിൽ നാട്ടുകാരായ വൈദികർ
(D) റോസ് പാതിരിയും ചാക്കോക്കത്തനാരും ചേർന്ന്

39. **കാര്യം** : മലയാളത്തിലെ സംസ്കൃത സ്വാധീനം പ്രകടമാണ്. അത്രയ്ക്ക് തെളിഞ്ഞുകാണുന്നില്ല തമിഴ്സാന്നിധ്യം.
**കാരണം** : തമിഴും മലയാളവും തമ്മിലുള്ള അതിർത്തി അത്രയ്ക്ക് വ്യക്തമല്ല.
(A) കാര്യം ശരി, കാരണം തെറ്റ്. (B) കാരണം ശരി, കാര്യം തെറ്റ്.
(C) കാര്യവും, കാരണവും ശരി. (D) കാര്യവും, കാരണവും തെറ്റ്.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**40.** **കാര്യം** : ചെങ്ങന്നുരാദിപാട്ട് ജാതിസ്വത്വം പ്രകാശിപ്പിക്കുന്നെങ്കിലും ജാതിസ്പർദ്ധ വളർത്തുന്നില്ല.

**കാരണം** : ജാതിബന്ധങ്ങൾക്കതീതമായി വീരരസം വളർത്തുന്നതാണ് ഈ പാട്ട്.

(A) കാര്യവും, കാരണവും ശരി.

(B) കാര്യം ശരി, കാരണം തെറ്റ്.

(C) കാര്യം ശരി, കാരണം ഭാഗികമായി ശരി.

(D) കാര്യം തെറ്റ്, കാരണം ശരി.

**41.** കാലക്രമം ശരിയായ ഗണം ഏത് ?

(A) ജ്ഞാനനിക്ഷേപം, കവനകൗമുദി, രസികരഞ്ജിനി

(B) ജ്ഞാനനിക്ഷേപം, രസികരഞ്ജിനി, കവനകൗമുദി

(C) ഭാഷാപോഷിണി, കവനകൗമുദി, വിദ്യാവിനോദിനി

(D) ജ്ഞാനനിക്ഷേപം, കവനകൗമുദി, ഭാഷാപോഷിണി

**42.** കേരളവർമ്മയുടെ പാഠപുസ്തക കമ്മിറ്റി പ്രസിദ്ധീകരിച്ച കൃതി.

(A) ഗദ്യഗതി (B) മഹത്സന്നിധികൾ

(C) മഹച്ചരിതമാല (D) മഹച്ചരിത സംഗ്രഹം

**43.** **കാര്യം** : കാൽഡ്വെൽ ആണ് ദ്രാവിഡ ഗോത്ര സങ്കല്പം അവതരിപ്പിച്ചതെന്ന ധാരണ പരിഷ്കരിക്കപ്പെടുന്നു.

**കാരണം** : എല്ലിസിന്റെ ദ്രാവിഡ ഭാഷാഗവേഷണ സംഭാവന കാൽഡ്വെൽ സാരമായി ഗൗനിക്കുന്നില്ല.

(A) കാര്യം ഭാഗികമായി ശരി, കാരണം തെറ്റ്.

(B) കാര്യം തെറ്റ്, കാരണവും തെറ്റ്.

(C) കാര്യവും കാരണവും ശരി.

(D) കാര്യം ശരി, കാരണം തെറ്റ്.

**44.** 'കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരുപിക്കുമെത്രയും വിരൂപന്മാർ'

– ഏതു കൃതിയിൽ നിന്ന് ?

(A) രുഗ്മിണീസ്വയംവരം തുള്ളൽ (B) മഹാഭാരതം കിളിപ്പാട്ട്

(C) ഗിരിജാകല്യാണം ഗീതപ്രബന്ധം (D) കൃഷ്ണഗാഥ

**45.** ഡിവൈൻ കോമഡി മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തത്

(A) കിളിമാനൂർ രമാകാന്തൻ (B) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

(C) സച്ചിദാനന്ദൻ (D) ചങ്ങമ്പുഴ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

താഴെ കൊടുത്തിരിക്കുന്ന ലേഖന ഭാഗം വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്കു ഉത്തരമെഴുതുക.

**ഭാഷണവും ലേഖനവും**

ഭാഷയുടെ മുഖ്യധർമം ആശയവിനിമയമാണ്. മുഖ്യധർമം എന്നതുകൊണ്ടുതന്നെ, ഭാഷാപ്രയോഗത്തിന് മറ്റു ധർമങ്ങളും ഉണ്ടെന്ന് സൂചിപ്പിക്കുന്നു. ധർമവൈവിധ്യ-മനുസരിച്ച് ഭാഷാപ്രയോഗത്തിൽ വ്യത്യാസമുണ്ടാകും. ആവിഷ്കരണോപാധികളെ ആസ്പദമാക്കി, ഭാഷാപ്രയോഗത്തെ ഭാഷണം എന്നും ലേഖനം എന്നും രണ്ടായി തിരിക്കാം. ഈ രണ്ട് ഭാഷാപ്രയോഗങ്ങളിലും സന്ദർഭം, ലക്ഷ്യം, പ്രയോക്താക്കൾ എന്നിവയുടെ ഭിന്നസ്വഭാവങ്ങളുസരിച്ച് പല അവാന്തരവിഭാഗങ്ങൾ അടങ്ങിയിരിക്കുന്നു.

ലൗകികസന്ദർഭവ്യത്യാസമനുസരിച്ച് ഭാഷണത്തെ ഔപചാരികം, അനൗപചാരികം, എന്ന് വേർതിരിക്കാം. പ്രഭാഷണം, അധ്യാപനം, ഔദ്യോഗികപ്രഖ്യാപനം, മതപ്രബോധനം മുതലായവയിൽ ഉപയോഗിച്ചുവരുന്ന ഭാഷാരീതിയാണ് ഔപചാരികഭാഷണം എന്ന് പറയുന്നത്. സാധാരണസന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതാണ് അനൗപചാരികഭാഷണം. ഈ രണ്ട് ഭാഷണ രീതികളിലും പദപ്രയോഗം, വാക്യഘടന, ഈണം എന്നിവയിൽ പ്രകടമായ വ്യത്യാസങ്ങൾ കാണാം. ഘടനാപരമായി, ഔപചാരികഭാഷണം ലിഖിതഭാഷയോട് അടുത്തിരിക്കും. താരതമ്യേന വിപുലമായ മണ്ഡലമായിരിക്കും ഔപചാരികഭാഷണത്തിലെ പദസ്വീകരണത്തിന് ആധാരം. അനൗപചാരികഭാഷണത്തിലെ വാക്യഘടന പലപ്പോഴും ലിഖിതഭാഷയിലെ ഘടനകളുടെ സംക്ഷേപമായിരിക്കും; പൂർണവാക്യഘടനകൾ ദുർല്ലഭമായേ പ്രത്യക്ഷപ്പെടുകയുള്ളൂ. ഭാഷണസന്ദർഭംകൊണ്ട് സ്പഷ്ടമാകുന്ന ആശയങ്ങളെ ഭാഷാമാത്രകൾകൊണ്ട് പ്രത്യക്ഷവത്കരിക്കാത്ത-തിനാലാണ് അനൗപചാരികഭാഷണത്തിൽ അപൂർണവാക്യഘടനകൾ അധികമായി വരുന്നത്.

ലിഖിതഭാഷയിലും വ്യത്യസ്ത പ്രകാശന രീതികളുണ്ട്. അവയിൽ ഒരു പ്രധാന വിഭാഗത്തെ സാഹിത്യഭാഷ എന്ന് പറയാം. സാഹിത്യഭാഷയുടെ മുഖ്യവിഭാഗങ്ങളാണ് ഗദ്യഭാഷ, കാവ്യഭാഷ എന്നിവ. കവിതകളിൽ – വൃത്തനിബദ്ധമായാലും അല്ലെങ്കിലും – അന്യാദൃശസ്വഭാവങ്ങളോടുകൂടിയ ഭാഷാരീതിയാണ് പ്രത്യക്ഷപ്പെടുന്നത്.

**മൂന്ന് ഭാഷണധർമങ്ങൾ :**

ഭാഷാവൃത്തിയെ, അതിലടങ്ങിയ മുഖ്യഘടകങ്ങളെ ആസ്പദമാക്കി, മൂന്നായി തരംതിരിക്കാമെന്ന് ആസ്ത്രിയൻ മനശ്ശാസ്ത്രജ്ഞനായ കാൾ ബൂളർ (1934) ജർമ്മൻ ഭാഷയിലെഴുതിയ ഒരു ഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. വക്താവ്, സന്ദേശം, ശ്രോതാവ് എന്നിവയാണ് ആ ഘടകങ്ങൾ. വക്താവിന്റെ മനോഭാവങ്ങളെ പ്രധാനമായും പ്രകാശിപ്പിക്കുന്ന ഭാഷണത്തെ ഭാവാത്മകം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താം. സന്ദേശത്തിലടങ്ങിയ ആശയത്തിനാണ് പ്രാമുഖ്യമെങ്കിൽ, അത്തരം പ്രയോഗങ്ങളെ സന്ദേശാത്മകം എന്നും ശ്രോതാവിനെ ഉദ്ബോധിപ്പിക്കുകയോ സ്വാധീനിക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ള ഭാഷണമാണെങ്കിൽ, അതിനെ ലക്ഷ്യാത്മകം എന്നും വിളിക്കാം. മൂന്ന് ധർമങ്ങളുടെയും ഏറ്റക്കുറച്ചിലിനനുസരിച്ച് ഈ വിഭജനം നടത്താമെന്നാണ് ബൂളർ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഒരു ഭാഷണപ്രക്രിയയിൽ മൂന്ന് ധർമങ്ങളിൽ ഒന്നേ പ്രത്യക്ഷപ്പെടുകയുള്ളു എന്നില്ല : ഏതെങ്കിലുമൊന്നിനായിരിക്കും മുൻതൂക്കം എന്നേ വിവക്ഷിക്കുന്നുള്ളൂ.

'എന്ത്, അയാൾ അങ്ങനെ പറഞ്ഞെന്നോ' എന്ന വാക്യത്തിൽ ഏതെങ്കിലും ആശയം ശ്രോതാവിനെ അറിയിക്കുന്നില്ല. പകരം അതിൽ മുഴച്ചുനിൽക്കുന്നത് വക്താവിന്റെ അത്ഭുതമോ വിശ്വാസമില്ലായ്മയോ ആണ്. ഇവിടെ ഭാവാത്മകധർമം പ്രകടമായിരിക്കുന്നു. 'ഞാൻ നാളെ പാലക്കാട്ടേക്ക് പോകും' എന്നതിൽ വക്താവ് ഒരു കാര്യം വെളിപ്പെടുത്തുന്നതേയുള്ളൂ. അതുകൊണ്ട്, ഈ വാക്യത്തിൽ, സന്ദേശാത്മകധർമ-ത്തിനാണ് പ്രാധാന്യം. 'നിങ്ങൾ നാളെ രാവിലെ പത്തുമണിക്ക് ഇവിടെ എത്തിയിരിക്കണം' എന്നതിൽ സന്ദേശാത്മകധർമത്തോടൊപ്പം ശ്രോതാവിന്റെ പ്രതികരണവും ലക്ഷ്യമാക്കുന്നുണ്ട്. അതിനാൽ ഈ വാക്യത്തിൽ ലക്ഷ്യാത്മകധർമം തുല്യപ്രാധാന്യത്തോടെ വർത്തിക്കുന്നു.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

ഭാഷണത്തിനുമാത്രം പ്രസക്തമായ വിഭജനമല്ല മുൻ സൂചിപ്പിച്ചത്. ലിഖിതരൂപങ്ങളിലും ഈ ധർമ്മങ്ങളുടെ സാന്നിധ്യം വിവേചിച്ചറിയാൻ കഴിയും. ഭാവഗീതങ്ങളിൽ പരിനിഷ്ഠിതാർഥത്തിന് പ്രാധാന്യമില്ല; രചയിതാവിന്റെ മാനസിക-വ്യാപാരങ്ങളുടെ പ്രകാശനമാണ് ഭാവഗീതങ്ങൾക്ക് നിർവഹിക്കാനുള്ള മുഖ്യലക്ഷ്യം. ശാസ്ത്രഗ്രന്ഥങ്ങൾ ആശയപ്രധാനങ്ങളായിരിക്കും; വൈയക്തികവികാരപ്രകാശനമോ വായനക്കാരെ ഉദ്ബോധിപ്പിക്കലോ ശാസ്ത്രങ്ങളുടെ ലക്ഷ്യമല്ല. മതപ്രബോധനത്തിൽ വിശ്വാസികളെ സ്വാധീനിക്കുകയാണ് പ്രധാനലക്ഷ്യം. ഈ മൂന്ന് ധർമങ്ങളും വായ്മൊഴിയിലും ലിഖിതഭാഷയിലും പ്രകടമായ വ്യത്യാസങ്ങൾ സൃഷ്ടിക്കുന്നു.

[കെ.എം. പ്രഭാകര വാരിയർ]

**46.** ഭാഷണം, ലേഖനം എന്നീ ഭാഷാപ്രയോഗങ്ങളുടെ അവാന്തരവിഭാഗങ്ങൾ എന്തിന്റെയൊക്കെ ഭിന്ന സ്വഭാവങ്ങൾക്കനുസൃതമായാണ് രൂപപ്പെടുന്നത് ?

1. സന്ദർഭം
2. ലക്ഷ്യം
3. സാധർമ്യം
4. പ്രയോക്താക്കൾ

(A) 1 മാത്രം ശരി (B) 1-ഉം 3-ഉം ശരി
(C) 1-ഉം 2-ഉം 4-ഉം ശരി (D) 4 മാത്രം ശരി

**47.** ഘടനാപരമായി ഔപചാരികഭാഷണം ഏതു ഭാഷയോടാണ് അടുപ്പം പുലർത്തുന്നത് ?

(A) ഭാഷാഭേദങ്ങളോട് (B) ലിഖിത ഭാഷയോട്
(C) പ്രകരണത്തോട് (D) സാഹിത്യഭാഷയോട്

**48.** കവിതകളിൽ പ്രത്യക്ഷപ്പെടുന്ന ഭാഷാരീതി

(A) ആലങ്കാരിക ഭാഷാരീതി
(B) ഭാവനാത്മക ഭാഷാരീതി
(C) അന്യാദൃശസ്വഭാവങ്ങളോടു കൂടിയ ഭാഷാരീതി
(D) വക്രോക്തി ഭാഷാരീതി

**49.** ചേർച്ചയുള്ള ദ്വന്ദ്വങ്ങൾ

| പട്ടിക 1 | | പട്ടിക 2 | |
|---|---|---|---|
| (1) | ഭാവാത്മക ഭാഷാവൃത്തി | (a) | അപൂർണ വാക്യഘടനകൾ |
| (2) | സന്ദേശാത്മക ഭാഷാവൃത്തി | (b) | വക്താവ് |
| (3) | ലക്ഷ്യാത്മക ഭാഷാവൃത്തി | (c) | സന്ദേശം |
| (4) | അനൗപചാരിക ഭാഷണം | (d) | ശ്രോതാവ് |
| | | (e) | പൂർണവാക്യഘടനകൾ |

(A) 1 d, 2 a, 3 e, 4 b (B) 1 b, 2 e, 3 d, 4 a
(C) 1 c, 2 b, 3 b, 4 e (D) 1 e, 2 b, 3 d, 4 a

**50.** പ്രബന്ധത്തിൽ ലേഖകൻ ഊന്നൽ കൊടുക്കുന്ന ആശയം

1. ഭാഷാപ്രയോഗവിധികൾ
2. ഭാഷണധർമ്മങ്ങൾ
3. ഭാവഗീതങ്ങൾ
4. ഔപചാരികവും അനൗപചാരികവുമായ ഭാഷണവൃത്തികൾ

(A) 1 ശരി (B) 2 ശരി
(C) 3, 2 എന്നിവ ശരി (D) 1-ഉം 2-ഉം 4-ഉം ശരി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

prepp

# Latest Sarkari jobs, Govt Exam alerts, Results and Vacancies

- Latest News and Notification
- Exam Paper Analysis
- Topic-wise weightage
- Previous Year Papers with Answer Key
- Preparation Strategy & Subject-wise Books

To know more **Click Here**

www.prepp.in